**ചടയമംഗലം ഗ്രാമന്യായാലയ**

**ഹാജർ: ശ്രീ. കൃഷ്ണനുണ്ണി.യു, LL.B**

**ന്യായാധികാരി (ഇൻ ചാർജ്ജ്)**

**തീയതി : 20/11/2020**

**S.T.No. 1/2020**

| | | |
|---|---|---|
| **വാദി** | : | സർക്കാരിനെ പ്രതിനിധീകരിച്ച് പോലീസ് സബ്ബ് ഇൻസ്പെക്ടർ, കടയ്ക്കൽ<br>(ക്രൈം നമ്പർ: 817/2019)<br>( A.P.P II, ചടയമംഗലം മുഖേന ) |
| **പ്രതി** | : | A1) വിനിൽ.വി.നായർ, വയസ് 29,<br>S/O വേണുഗോപാലൻ നായർ,<br>വിനിൽ ഭവൻ, ഭരതന്നൂർ.പി.ഒ, പാങ്ങോട് വില്ലേജ്<br>A2) പ്രസാദ്, വയസ് 34, S/O രാജൻ,<br>പ്രസാജദ് ഭവൻ, ഭരതന്നൂർ.പി.ഒ, പാങ്ങോട് വില്ലേജ്<br>A4) നജ്മം, വയസ് 41, S/O അബ്ദുൾഅസീസ്<br>നജ്മം മൻസിൽ, മാങ്കോട് വില്ലേജ്<br>( അഡ്വ. ശ്രീ. വി.ജയകുമാർ മുഖേന ) |
| **കുറ്റം** | : | 160 വകുപ്പ് പ്രകാരം |
| **പ്ലീ** | : | കുറ്റക്കാർ |
| **തീർപ്പ്** | : | കുറ്റക്കാർ |
| **ശിക്ഷാവിധി /ഉത്തരവ്** | : | പ്രതകളെ IPC 160 വകുപ്പ് പ്രകാരം 50/- രൂപ പിഴയും പിഴ ഒടുക്കുന്നില്ലായെങ്കിൽ 4 ദിവസത്തേയ്ക്ക് സാധാരണതടവും ശിക്ഷിച്ചിരിയ്ക്കുന്നു. |

ഈ കേസ് 20/11/2020 ന് കോടതിയിൽ വിചാരണയ്ക്ക് വരികയും, അത് പ്രകാരം

ഇന്നേദിവസം കോടതി ചുവടെ ചേർക്കുന്ന വിധി പുറപ്പെടുവിക്കുകയും ചെയ്തു.

## വിധിന്യായം

1. ഇൻഡ്യൻ പീനൽ കോഡ് 160 വകുപ്പ് പ്രകാരം കടയ്ക്കൽ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ചാർജ്ജ് ചെയ്ത കേസിലെ കുറ്റാരോപിതരാണ് പ്രതികൾ.

2. പ്രതികൾ ഇല്ല. അഭിഭാഷകൻ മുഖേന കുറ്റസമ്മതം നടത്തിയതിൻപ്രകാരം Cr.P.C വകുപ്പ് 207 പ്രകാരം ആവശ്യമായ പ്രോസിക്യൂഷൻ രേഖകൾ അഭിഭാഷകന് നല്കിയിട്ടുള്ളതാകുന്നു. 160 IPC വകുപ്പ് പ്രകാരമുള്ള കുറ്റത്തിന്റെ വിവരങ്ങൾ രൂപപ്പെടുത്തുകയും അഭിഭാഷകനെ വായിച്ച് കേൾപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തതിൽ, ടിയാൻ പ്രതികൾ കുറ്റക്കാരാണെന്ന് സമ്മതിച്ചു. സ്വമേധയാലാണ് ടിയാൻ കുറ്റസമ്മതം നടത്തി എന്ന് എനിക്കു ബോദ്ധ്യപ്പെട്ടതിനാൽ കുറ്റസമ്മതം അംഗീകരിച്ചു. കുറ്റാരോപിതൻ സ്വമേധയാൽ കുറ്റസമ്മതം നടത്തിയതിനാൽ ഞാൻ പ്രോസിക്യൂഷൻ രേഖകൾ പരിശോധിച്ചു. പ്ലീയും പ്രോസിക്യൂഷൻ രേഖകളും പരിശോധിച്ചതിൻ പ്രകാരം മേൽകുറ്റങ്ങൾക്ക് കുറ്റാരോപിതൻ കുറ്റക്കാരനാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടത്പ്രകാരം ടിയാനെ ഇതിനാൽ ശിക്ഷിക്കുന്നു.

3. അത്പ്രകാരം പ്രതികളെ വകുപ്പ് 160 IPC പ്രകാരം 50/- രൂപ പിഴയും, പിഴ ഒടുക്കുന്നില്ലായെങ്കിൽ 4 ദിവസത്തേയ്ക്ക് സാധാരണതടവിനും ശിക്ഷിച്ചിരിക്കുന്നു.

2020 നവംബർ മാസത്തിൽ 20- )O തീയതി തുറന്ന കോടതിയിൽ ഞാൻ ഈ വിധി പുറപ്പെടുവിക്കുന്നു.

ന്യായാധികാരി (ഇൻ ചാർജ്ജ്)
ചടയമംഗലം